**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3199** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| **തീരദേശ റോഡുകളുടെ പുനരുദ്ധാരണം** | | | |
| 1 | QSS കോളനിയിലെ ഇന്റേണൽ റോഡുകളുടെ നവീകരണം | 53 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മാട്ടേനട – റോഡ് കടവ് കായൽവാരം റോഡ് | 53 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കാവൽ ജംഗ്ഷൻ മുതൽ ബിഷപ്പ് ഹൗസ് വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തി | 75.4 | പ്രവൃത്തി 09.06.2023 ൽ ആരംഭിച്ച് പൂർത്തീകരണ ഘട്ടത്തിലാണ് |
| 4 | തൃക്കരുവ ഗ്രാമപഞ്ചായത്തിലെ കരുവ മുതൽ അഷ്ടജലറാണി വരെയുള്ള റോഡിന്റെ നിർമ്മാണം | 66 | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | പനയം പഞ്ചായത്തിലെ കുമ്മായപ്പുര – വള്ളംകുന്നത്ത് താഴതിൽ റോഡിന്റെ പുനരുദ്ധാരണം | 72 | കരാറിൽ ഏർപ്പെട്ട് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. |
| **പോർട്ട് പ്രവൃത്തികൾ** | | | |
| 6 | പള്ളിത്തോട്ടം തുറമുഖ ഗോഡൗണിന്റെ അടിയന്തര അറ്റകുറ്റപ്പണി | 32.6 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | കൊല്ലം തുറമുഖത്ത് കവാടം മുതൽ വാർഫിന്റെ അവസാനം വരെ ഇടിഞ്ഞു | 59.4 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | വീണ കോമ്പൗണ്ട് വാളിന്റെ പുനർനിർമാണം | | |
| 8 | കൊല്ലം തുറമുഖം- കൊല്ലം തുറമുഖത്ത് നിലവിലുള്ള കോമ്പൗണ്ട് വാളിന്റെ മുകളിലൂടെ കമ്പിവേലി സ്ഥാപിക്കൽ. | 41 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | കൊല്ലം തുറമുഖം - ഇന്റേണൽ റോഡിന്റെ നവീകരണം, കൊല്ലം തുറമുഖത്തിനുള്ളിൽ നടപ്പാത സ്ഥാപിക്കൽ | 150.6 | കേരള മാരിടൈം ബോർഡിൽ നിന്നും ഫണ്ട് ലഭ്യമായത് പ്രകാരം കരാറിലേർപ്പെട്ടു. |
| 10 | പോർട്ട് ഓഫീസിന് സമീപമുള്ള 1&2 ഗോഡൗണിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ | 40.5 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. പോർട്ട് വകുപ്പ് ഗോഡൗണിൽ നിന്ന് സ്റ്റോക്കുകൾ ക്ലിയർ ചെയ്തതിന് ശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയൂ. ഇതിനായി തുറമുഖ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| **നബാർഡ് പ്രവൃത്തികൾ** | | | |
| 1 | നബാർഡ് - ആർ.ഐ.ഡി.എഫ് 23 തങ്കശ്ശേരി ഫിഷറി ഹാർബറിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി | 625 | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പെറ്റി ഷോപ്പുകൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ലോഡിംഗ് ഏരിയ, ലോക്കർ റൂമുകൾ |

| | | | |
|---|---|---|---|
| | | | എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | നബാർഡ് – ആർ.ഐ.ഡി.എഫ് 26 തങ്കശ്ശേരി ഫിഷറി ഹാർബറിലെ അധിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി | 514 | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇന്റേണൽ റോഡ്, ഡ്രെയിൻ, സെക്യൂരിറ്റി റൂമുകൾ, ലോക്കർ റൂമുകൾ, പാർക്കിംഗ് ഏരിയ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഗേറ്റ് & ഗേറ്റ് ഹൗസ്, ലോക്കർ റൂമുകൾ, കടകൾ, എന്നിവയുടെ മുകളിലെ റൂഫിംഗ്, പള്ളിത്തോട്ടം ഭാഗത്തെ പെറ്റി ഷോപ്പുകളുടെ നിർമ്മാണം, പോർട്ട് കൊല്ലം ഭാഗത്തെ കോമ്പൗണ്ട് വാളിന്റെ ഉയരം കൂട്ടൽ, മെയിൻ ബ്രേക്ക് വാട്ടറിന്റെ സമീപത്തെ പാർക്കിംഗ് ഏരിയയുടെയും, കോമ്പൗണ്ട് വാളിന്റെയും നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പബ്ലിക് ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |